ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ സുലഭ പച്ചക്കറി സ്റ്റാളുകൾ പ്രവർത്തിക്കുന്നില്ല.

(സി) പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല.

ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിന് പദ്ധതി

*16 [575] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" വർക്കല കഹാർ:
" പി. ടി. തോമസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നു;

(ബി) പ്രസ്തുത വിഷയത്തിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും അതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്യുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രവാസി കേരളീയരെ ടൂറിസം വികസനരംഗത്തേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പ്രത്യേക ഇൻസെന്റീവ് കൊടുക്കാനുദ്ദേശിക്കുന്നു;

(ഡി) ഈ രംഗത്ത് വിദേശമൂലധനം പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) ഏതെല്ലാം വിദേശ സംരംഭകർ ഇതിനായി മുന്നോട്ടുവന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പ്രോത്സാഹനങ്ങളാണ് സർക്കാർ നൽകി വരുന്നത്:

1. അംഗീകൃത യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സബ്സിഡി.

2. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കും സൗകര്യങ്ങൾക്കും നിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) അധിക സബ്സിഡി.

3. 50 കോടിയിൽപരം മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് പ്രത്യേക ഇൻസെന്റീവുകൾ.

LIBRARY ARCHIVES Kerala Legislative Assembly

4. ടൂറിസത്തിലും അടിസ്ഥാനസൗകര്യ വികസനത്തിലുമുള്ള വിദേശ നിക്ഷേപത്തിന് പ്രത്യേക ഇൻസെന്റീവുകൾ.

5. അംഗീകൃത യൂണിറ്റുകൾക്ക് വൈദ്യുതി നിരക്കിൽ ഇളവ്.

6. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകൽ.

7. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കൽ.

8. പ്രചരണത്തിനും, വിപണനത്തിനും സഹായിക്കൽ.

9. നിക്ഷേപത്തിന് ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ ഭൂമി ലഭ്യമാക്കുന്നതിന് സഹായിക്കൽ.

10. വ്യവസായ വകുപ്പുമായി ചേർന്ന് ലൈസൻസുകളും മറ്റ് സർട്ടിഫിക്കറ്റുകളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സമ്പ്രദായം.

(ബി) ഇപ്പോൾ തന്നെ സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യക്തമായ നയങ്ങൾ ടൂറിസം വിഷൻ 2025-ൽ പ്രതിപാദിയ്ക്കുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്:

1. വിനോദസഞ്ചാര പദ്ധതികൾക്ക് അനുവാദം നൽകുന്നതിന് ഏകജാലകസമ്പ്രദായം നടപ്പിലാക്കുക.

2. KSIDC, KFC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ ടൂറിസം വകുപ്പിന്റെ പ്രതിനിധിയുൾപ്പെടെ പ്രത്യേകം സെല്ലുകൾ സ്ഥാപിച്ച് ടൂറിസം പദ്ധതികൾക്ക് സത്വരാംഗീകാരം നൽകി തൽസംബന്ധമായ പ്രക്രിയകൾ ലഘൂകരിയ്ക്കുക.

3. ടൂറിസം മേഖലയിൽ വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

4. സംസ്ഥാനത്തിനകത്തുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള ഗതാഗത സൗകര്യങ്ങൾ (റോഡ്, റെയിൽ, വായുമാർഗ്ഗങ്ങൾ) വർദ്ധിപ്പിക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുക.

5. ഗോൾഫ്, ഷോപ്പിംഗ് സൗകര്യങ്ങൾ, മറീന അമ്യൂസ്മെന്റ് പാർക്ക് തുടങ്ങിയവയുടെ വികസനം പ്രോത്സാഹിപ്പിക്കുക.

6. ടൂറിസം വികസനത്തിനാവശ്യമായി ഭൂമി ലഭ്യമാക്കുക.

7. സംയുക്തമേഖലയെ പ്രോത്സാഹിപ്പിക്കുക.

8. മത്സരാധിഷ്ഠിതമായ ഒരു അന്തരീക്ഷത്തിൽ സ്വന്തം കഴിവിനനുസരിച്ച് വളരാൻ സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുക.

ഇതുകൂടാതെ ടൂറിസം വകുപ്പിൽ ഒരു ടൂറിസ്റ്റ് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ രൂപീകരിയ്ക്കുന്നതിനും ഉദ്ദേശമുണ്ട്. ദേശീയ-അന്തർ ദേശീയ തലത്തിൽ നിക്ഷേപകരെ കേരളത്തിലേയ്ക്കാകർഷിക്കുന്നതിനും കേരളത്തിനകത്തും പുറത്തുമുള്ള സംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ഈ രംഗത്ത് ആവശ്യമായ പഠനങ്ങൾ നടത്തുന്നതിനും മറ്റുമാണ് ഈ പ്രത്യേക സെൽ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രവാസികൾക്കു മാത്രമായി പ്രത്യേക ഇൻസെന്റീവുകളൊന്നും ഇപ്പോൾ ഉദ്ദേശിയ്ക്കുന്നില്ല. എന്നാൽ 50 കോടിയിലധികം നിക്ഷേപം വരുന്ന ഓരോ പ്രോജക്ടും പ്രത്യേകം പ്രത്യേകം വിലയിരുത്തി ഇൻസെന്റീവുകൾ അനുവദിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും ദുബായ് കേന്ദ്രമായുള്ള സതേൺ ഫൺ സിറ്റി. മലേഷ്യയിലുള്ള ട്രാൻസ് റിസോർട്ട്സ് ലിമിറ്റഡ് എന്നീ വിദേശ കമ്പനികൾ ഉടനെ മുതൽ മുടക്കുന്നതാണ്. അമാൻ റിസോർട്ട്സിനു വേണ്ടി ശ്രീലങ്കയിലെ യൂണിവോഗ് ഹോളിഡേ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ ധാരാളം ചെറുകിട-ഇടത്തരം റിസോർട്ട്/ഹോട്ടൽ പ്രോജക്ടുകളിലും വിദേശ മൂലധന നിക്ഷേപം ഉണ്ടാകുന്നുണ്ട്.

ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി

*17 [576] ശ്രീ. ബിനോയ് വിശ്വം:

„ എൻ. രാജൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഇപ്പോൾ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാണോ; ആണെങ്കിൽ പ്രതിമാസം എത്ര വൈദ്യുതി മിച്ചം വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഏതെല്ലാം വൈദ്യുത നിലയങ്ങളിൽ നിന്നും എത്ര വൈദ്യുതി വീതം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ഇതിൽ എത്ര വൈദ്യുതി സംസ്ഥാനത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ടെന്നും, വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര പൂളിൽ നിന്നും പ്രതിമാസം ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിച്ച് കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അല്ല.

(ബി) 2004-2005 സാമ്പത്തിക വർഷം 28-2-2005 വരെ സംസ്ഥാനത്തിനകത്ത് ജലവൈദ്യുതി നിലയങ്ങൾ, താപവൈദ്യുതി നിലയങ്ങൾ എന്നിവയിൽ നിന്നും ഉൽപ്പാദിപ്പിച്ച വൈദ്യുതി, സംസ്ഥാനത്തിനു പുറത്തുനിന്നും വാങ്ങിയ വൈദ്യുതി, മൊത്തം ഉപഭോഗം ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† വൈദ്യുതി ബോർഡിന്റെ വൈദ്യുതി നിലയങ്ങളിലെ പ്രതിദിന വൈദ്യുതി ഉൽപ്പാദനം 16.79 Mu ആണ്. ഇതിൽ തമിഴ്നാടിനും എൻ.വി.വി. എന്നിനും നൽകുന്ന കായംകുളം വൈദ്യുതി ഒഴികെയുള്ള എല്ലാ വൈദ്യുതിയും സംസ്ഥാനത്തിനുവേണ്ടി ഉപയോഗിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly